**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 428** **05-12-2022 - ൽ മറുപടിയ്ക്ക്**

**പുതിയ ബീവറേജസ് ഔട്ട്‌ലെറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2016 ജൂൺ 1 മുതൽ 2022 നവംബർ 1 വരെ എത്ര പുതിയ ബീവറേജസ് ഔട്ട്‌ലെറ്റുകൾ ആരംഭിച്ചിട്ടുണ്ട് എന്ന വിവരം ലഭ്യമാക്കുമോ; | (എ) | 2016 ജൂൺ ഒന്നിനു മുമ്പ് 306 ബിവറേജസ് ഔട്ട് ലെറ്റുകളാണ് നിലവിലുണ്ടായിരുന്നത്. 2016 ജൂൺ ഒന്നു മുതൽ 2022 നവംബർ 1 വരെ പുതിയ 3 എണ്ണം ആരംഭിച്ചിട്ടുണ്ട്. 07/10/2022 തീയതിയിലെ സർക്കാർ ഉത്തരവു പ്രകാരം 78 വിദേശ മദ്യഷോപ്പുകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് 2016 ജൂൺ 1 മുതൽ 2022 നവംബർ 30 വരെ എത്ര പുതിയ ബിയർ പാർലറുകൾ, ബാറുകൾ എന്നിവയ്ക്ക് അനുമതി നൽകിയിട്ടുണ്ട് എന്ന വിവരം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്ത് 2016 ജൂൺ ഒന്നു മുതൽ 2022 നവംബർ 30 വരെ പുതുതായി 62 ബിയർ വൈൻ പാർലറുകളും 247 ബാറുകളും അനുവദിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ലഹരി വിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് 2016 മുതൽ 2022 വരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാകുമോ? | (സി) | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ നിന്നും സംസ്ഥാനത്ത് ലഹരി വിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി എക്സൈസ്- വിമുക്തി ഉണർവ് പദ്ധതി പ്രകാരം കോർപ്പറേഷന്റെ സി.എസ്.ആർ ഫണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 4 സ്കൂളുകളിൽ എക്സൈസ് വകുപ്പിന്റെ ശിപാർശ പ്രകാരം 5 ലക്ഷം രൂപ വീതം ആകെ 20 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആയതിൽ 2016 മുതൽ 2022 വരെ കാലയളവിൽ 14,24,600/- രൂപ(പതിനാല് ലക്ഷത്തി ഇരുപത്തിനാലായിരത്തിയറൂനൂറ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.<br><br>എക്സൈസ് വകുപ്പിൽ നിന്നും ലഹരി വിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി 2016 മുതൽ 2022 നവംബർ 29 വരെ മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവരുടെ ചികിത്സാ ചിലവ് ഉൾപ്പെടെ 46,59,26,258 രൂപ ചെലവഴിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ